സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 60 ലക്കം: 16 2025 മാർച്ച് 20 വ്യാഴം പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

നെന്മാറ – വല്ലങ്ങി വേല: മദ്യ നിരോധനം ഏർപ്പെടുത്തി

പാലക്കാട് : നെന്മാറ– വല്ലങ്ങി വേലയോടനുബന്ധിച്ച് ഏപ്രിൽ രണ്ട്, മൂന്ന് തീയതികളിൽ നെന്മാറ, അയിലൂർ ഗ്രാമപഞ്ചായത്ത് പരിധികളിൽ മദ്യ നിരോധനം ഏർപ്പെടുത്തി ജില്ലാ കളക്ടർ ഉത്തരവിട്ടു. അന്നേ ദിവസങ്ങളിൽ രാവിലെ ആറു മണി മുതൽ രാത്രി പത്ത് മണി വരെ ഈ പ്രദേശങ്ങളിലെ മദ്യവിൽപ്പന ശാലകൾ തുറന്നു പ്രവർത്തിക്കാൻ പാടില്ല. ഉത്തരവ് ലംഘിക്കുന്നവർക്കെതിരെ കേരള അബ്കാരി ആക്ട് 54 അനുസരിച്ച് നിയമ നടപടി സ്വീകരിക്കുമെന്നും ജില്ലാ കളക്ടർ അറിയിച്ചു.

സ്വർണ്ണക്കടത്ത് കേസ്: വിചാരണ ബംഗളുരുവിലേക്ക് മാറ്റുന്നതിനെ

എതിർക്കുന്നത് എന്തിന്: സുപ്രീംകോടതി

ന്യൂഡൽഹി: നയതന്ത്ര ബാഗേജിലൂടെയുള്ള സ്വർണ്ണക്കടത്ത് കേസിന്റെ വിചാരണ ബംഗളൂരുവിലേക്ക് മാറ്റുന്നതിനെ എന്തിനാണ് എതിർക്കുന്നതെന്ന് സുപ്രീം കോടതി ആരാഞ്ഞു. വിചാരണ ബെംഗളൂരുവിലെ കോടതിയിലേക്ക് മാറ്റണമെന്ന ഇഡിയുടെ ട്രാൻസ്ഫർ ഹർജി പരിഗണിക്കുമ്പോഴാണ് കോടതിയുടെ ചോദ്യം. കേസിലെ എല്ലാ പ്രതികളെയും ട്രാൻസ്ഫർ ഹർജിയിൽ കക്ഷിയാക്കാൻ സുപ്രീംകോടതി നിർദേശിച്ചു. ഇഡിയുടെ ട്രാൻസ്ഫർ ഹർജി രണ്ട് ആഴ്ചയ്ക്കുശേഷം പരിഗണിക്കാനായി സുപ്രീംകോടതി മാറ്റി.

സംസ്ഥാന സർക്കാരിന്റെ അഭിഭാഷകൻ കപിൽ സിബൽ, കേസിലെ പ്രതിയായ എം.ശിവശങ്കറിന്റെ സീനിയർ അഭിഭാഷകൻ ജയന്ത് മുത്തുരാജ് എന്നിവരോടാണ് വിചാരണ ബംഗളൂരുവിലേക്ക് മാറ്റുന്നതിനെ എന്തിനാണ് എതിർക്കുന്നതെന്ന് സുപ്രീംകോടതി ആരാഞ്ഞത്. ട്രാസ്ഫർ ഹർജിയെ എതിർക്കരുതായിരുന്നുവെന്നും ജസ്റ്റിസുമാരായ എം.എം.സുന്ദരേഷ്, രാജേഷ് ബിന്ദാൾ എന്നിവരടങ്ങിയ ബെഞ്ച് നിരീക്ഷിച്ചു.

അതേസമയം കേസിൽ 23 പ്രതികളുണ്ടെന്നും അതിൽ 14 മാത്രമാണ് ട്രാൻസ്ഫർ ഹർജിയിൽ കക്ഷി ചേർത്തിരിക്കുന്നതെന്നും സംസ്ഥാനസർക്കാർ സുപ്രീംകോടതിയിൽ ചൂണ്ടിക്കാട്ടി. തുടർന്ന് ബാക്കിയുള്ളവരെ കൂടി കക്ഷിചേർക്കാൻ ഇഡിയോട് സുപ്രീംകോടതി നിർദേശിച്ചു.

നയതന്ത്ര ബാഗേജിലൂടെയുള്ള സ്വർണ്ണക്കടത്ത് കേസിന്റെ വിചാരണ ബംഗളൂരുവിലേക്ക് മാറ്റാൻ ഇഡിക്ക് ഇപ്പോൾ താത്പര്യമില്ലെന്ന് കേരള സർക്കാരിന്റെ സീനിയർ അഭിഭാഷകൻ കപിൽ സിബൽ സുപ്രീംകോടതിയിൽ ചൂണ്ടിക്കാട്ടി. ട്രാൻസ്ഫർ ഹർജി ഫയൽ ചെയ്യുമ്പോഴുള്ള രാഷ്ട്രീയ സാഹചര്യമല്ല ഇപ്പോൾ കർണാടകത്തിലേതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

അന്വേഷണം അട്ടിമറിക്കുന്നത് തടയാനാണ് വിചാരണ ബംഗളൂരുവിലേക്ക് മാറ്റണമെന്ന ആവശ്യത്തിന് കാരണമായി ഇഡി ചൂണ്ടിക്കാട്ടിയത്. എന്നാൽ നിലവിൽ അന്വേഷണം പൂർത്തിയായ സാഹചര്യത്തിൽ അത്തരം ഒരു ആവശ്യത്തിന് പ്രസക്തിയില്ലെന്ന് സിബൽ ചൂണ്ടിക്കാട്ടി.

സംസ്ഥാന സർക്കാരിന് വേണ്ടി കപിൽ സിബലിന് പുറമെ സ്റ്റാന്റിങ് കോൺസൽ സി.കെ.ശശിയും ഹാജരായി. വിചാരണ കേരളത്തിന് പുറത്തേക്ക് മാറ്റുന്നതിൽ പ്രശ്നമില്ലെന്ന് സരിത്തിന്റെയും സ്വപ്നയുടെയും അഭിഭാഷകനായ ആർ.കൃഷ്ണരാജ് കോടതിയെ അറിയിച്ചു.

പ്രായപൂർത്തിയാകാത്ത സഹോദരിമാരെ പീഡിപ്പിച്ചു; അമ്മയുടെ ആൺസുഹൃത്ത് പിടിയിൽ

കൊച്ചി: പ്രായപൂർത്തിയാകാത്ത പെൺമക്കളെ പീഡിപ്പിച്ച കേസിൽ അമ്മയുടെ ആൺസുഹൃത്ത് കസ്റ്റഡിയിൽ. അയ്യമ്പുഴ സ്വദേശിയായ ധനേഷിനെയാണ് ഇന്നലെ രാത്രി കുറുപ്പുംപടി പൊലീസ് കസ്റ്റഡിയിലെടുത്തത്. 12ഉം 10ഉം വയസുള്ള പെൺകുട്ടികളെയാണ് ഇയാൾ പീഡിപ്പിച്ചത്.

ഏറെനാളായി കുറുപ്പുംപടി പൊലീസ് സ്റ്റേഷൻ പരിധിയിൽ വാടകക്ക് താമസിക്കുകയായിരുന്നു അമ്മയും 2 പെൺമക്കളും. കസ്റ്റഡിയിലായ ധനേഷ് ലോറി ഡ്രൈവറാണെന്നാണ് വിവരം. അമ്മയുടെ സുഹൃത്തായ ഇയാൾ ആഴ്ചയിൽ രണ്ട് ദിവസം ഇവരുടെ വീട്ടിൽ എത്താറുണ്ടായിരുന്നു. 2023 മുതൽ ഇക്കഴിഞ്ഞ ഫെബ്രുവരി വരെ ഇയാൾ നിരന്തരമായി കുട്ടികളെ ശാരീരികമായി ചൂഷണം ചെയ്തിട്ടുണ്ട് എന്നാണ് പൊലീസ് പറയുന്നത്.

കുട്ടികളിലൊരാൾ സ്കൂളിലെ സുഹൃത്തിനോട് ഈ വിവരം അറിയിച്ചുകൊണ്ട് കുറിപ്പെഴുതി. ഇത് അദ്ധ്യാപികക്ക് ലഭിച്ചു. ഇവരാണ് വിവരം പൊലീസിനെ അറിയിച്ചത്. പ്രതിയെ വിശദമായി ചോദ്യം ചെയ്ത് വരികയാണ്. അമ്മയുടെ അറിവോടെയാണോ കുട്ടികളെ ഉപദ്രവിച്ചിരുന്നതെന്ന കാര്യവും പൊലീസ് അന്വേഷിക്കും.

പുകഴ്ത്തിയിട്ടില്ല, പല തെറ്റുകൾ ചെയ്യുമ്പോഴും മോദി ഒരു ശരി ചെയ്തുവെന്ന് ജോൺ ബ്രിട്ടാസ്

ന്യൂഡൽഹി: ശശി തരൂരിനെയും പ്രധാനമന്ത്രി നരേന്ദ്ര മോദിയെയും പുകഴ്ത്തിയിട്ടില്ലെന്ന് സിപിഎം സംസ്ഥാന സമിതി അംഗവും രാജ്യസഭാംഗവുമായ ജോൺ ബ്രിട്ടാസ്. റഷ്യയെ ഉപരോധിക്കരുതെന്ന് സിപിഎം മുൻപ് പറഞ്ഞപ്പോൾ തരൂർ പരിഹസിച്ചതാണ്. ഇപ്പോൾ തരൂർ നിലപാട് മാറ്റിയതാണ് താൻ തുറന്നുകാട്ടിയതെന്നും ജോൺ ബ്രിട്ടാസ് വ്യക്തമാക്കി. റഷ്യയിൽ നിന്ന് ക്രൂഡ് ഓയിൽ വാങ്ങുന്നത് മോദി തുടർന്നത് ശരിയായ നിലപാടായിരുന്നു. പല തെറ്റുകൾ ചെയ്യുമ്പോഴും മോദി ഒരു ശരി ചെയ്തു. അമേരിക്കൻ വിധേയത്വത്തിന്റെ കാര്യത്തിൽ ബിജെപിക്കും കോൺഗ്രസിനും ഒരേ നിലപാടാണെന്നും ജോൺ ബ്രിട്ടാസ് കൂട്ടിച്ചേർത്തു.

കഴിഞ്ഞ ദിവസമാണ് ശശി തരൂരിന്റെ പ്രസ്താവനയെ പിന്തുണച്ച് ജോൺ ബ്രിട്ടാസ് രംഗത്തെത്തിയത്. പാശ്ചാത്യ രാജ്യങ്ങളുടെ സമ്മർദത്തിന് ഇന്ത്യ വഴങ്ങരുത് എന്ന് ഇടതു പാർട്ടികൾ മുമ്പ് പറഞ്ഞിരുന്നു. ശശി തരൂർ അഭിനന്ദിക്കേണ്ടത് ഇടത് പാർട്ടികളെയാണ്. പാശ്ചാത്യ സമ്മർദത്തിന് വഴങ്ങാതെ റഷ്യയിൽ നിന്ന് എണ്ണ ഇറക്കുമതി ചെയ്യാനുള്ള നരേന്ദ്രമോദി സർക്കാരിന്റെ തീരുമാനം സ്വാഗതാർഹമാണ്. ശശി തരൂർ കോൺഗ്രസിന്റെ വിലപിടിപ്പുള്ള നേതാണെന്നുമാണ് ഇന്നലെ ജോൺ ബ്രിട്ടാസ് പ്രതികരിച്ചത്.

'2022 ഫെബ്രുവരിയിൽ പാർലമെന്ററി ചർച്ചയിൽ ഇന്ത്യ സ്വീകരിച്ച നിലപാടിനെ വിമർശിച്ച ഒരാളാണ് ഞാൻ. യുഎൻ ചാർട്ടർ ലംഘനം, അതിർത്തി തത്വത്തിന്റെ ലംഘനം, യുക്രെയ്ൻ എന്ന അംഗരാജ്യത്തിന്റെ പരമാധികാര ലംഘനം എന്നിവയുടെ അടിസ്ഥാനത്തിലായിരുന്നു തന്റെ വിമർശനം. ഈ തത്വങ്ങളെല്ലാം ഒരു രാജ്യം ലംഘിച്ചാൽ നമ്മൾ അതിനെ അപലപിക്കുകയാണ് ചെയ്യേണ്ടത്.

എന്നാൽ 3 വർഷത്തിന് ശേഷം എനിക്ക് മനസിലായി എന്റെ നിലപാട് അബദ്ധമായെന്ന്. കാരണം, രണ്ടാഴ്ചയുടെ ഇടവേളയിൽ യുക്രെയ്ൻ പ്രസിഡന്റിനെയും റഷ്യൻ പ്രസിഡന്റിനെയും കെട്ടിപ്പിടിക്കാനും രണ്ടിടത്തും അംഗീകരിക്കപ്പെടാനും കഴിയുന്ന ഒരു ഇന്ത്യൻ പ്രധാനമന്ത്രി നമുക്കുണ്ടെന്ന് നയം വ്യക്തമാക്കുന്നു. ശാശ്വത സമാധാനം ഉണ്ടാക്കാൻ കഴിയുന്ന ഒരു സ്ഥാനത്താണ് ഇപ്പോൾ ഇന്ത്യയുള്ളത്. അത് വളരെ കുറച്ച് രാജ്യങ്ങൾക്ക് മാത്രമേ ചെയ്യാൻ കഴിയൂ.'

പവൻ വില 70,000 കടക്കുമോ? ഇന്നുണ്ടായത് വലിയ മാറ്റം

തിരു : സംസ്ഥാനത്ത് ഇന്നും സ്വർണവില വർദ്ധിച്ചു. ഒരു പവൻ സ്വർണത്തിന് 160 രൂപ കൂടി 66,480 രൂപയായി. ഒരു ഗ്രാം 22 കാരറ്റ് സ്വർണത്തിന് 8,310 രൂപയും ഒരു ഗ്രാം 24 കാരറ്റ് സ്വർണത്തിന് 9,066 രൂപയുമായി. 20 ദിവസത്തിനിടെ പവന്റെ വിലയിൽ 2,960 രൂപയാണ് വർദ്ധിച്ചത്. ഈ മാസം ആദ്യം ഒരു പവൻ സ്വർണത്തിന്റെ വില 63,520 രൂപയായിരുന്നു.

സുരക്ഷിത നിക്ഷേപമെന്ന നിലയിൽ പ്രിയമേറിയതോടെ രാജ്യാന്തര വിപണിയിൽ സ്വർണ വില ഔൺസിന് 3,036 ഡോളറിലെത്തിയിരിക്കുകയാണ്. ആഗോള ഫണ്ടുകളും വിവിധ കേന്ദ്ര ബാങ്കുകളും മാന്ദ്യം നേരിടാനുള്ള നടപടികളുടെ ഭാഗമായി സ്വർണം വാങ്ങികൂട്ടിയതാണ് വില ഉയർത്തിയത്. ഇന്നത്തെ വിലയിൽ ഒരു പവൻ സ്വർണാഭരണം വാങ്ങുന്നതിന് നികുതിയും പണിക്കൂലിയുമടക്കം 72,000 രൂപയിലധികമാകും. ഇപ്പോഴത്തെ സാഹചര്യത്തിൽ സ്വർണവില രാജ്യാന്തര വിപണിയിൽ 3,200 ഡോളർ വരെ ഉയർന്നേക്കുമെന്നാണ് അനലിസ്റ്റുകൾ പ്രവചിക്കുന്നത്. ഈ ട്രെൻഡ് തുടർന്നാൽ കേരളത്തിൽ സ്വർണവില പവന് അടുത്ത മാസം 70,000 രൂപ വരെ എത്തിയേക്കും.

ലോകത്തിലെ പ്രമുഖ നാണയങ്ങൾക്കെതിരെ ഡോളർ ദുർബലമാകുന്നതിനാൽ ബദൽ നിക്ഷേപമെന്ന നിലയിൽ സ്വർണത്തിന് പ്രിയമേറുകയാണ്. ഇസ്രയേൽ ഗാസയിൽ പൊടുന്നനെ ആക്രമണം നടത്തിയതും റഷ്യ – യുക്രെയിൻ ചർച്ചകളിലെ ആശങ്കകളും സ്വർണത്തിലേക്ക് നിക്ഷേപം വർദ്ധിപ്പിച്ചു.അമേരിക്കൻ സാമ്പത്തിക മേഖലയിലെ മാക്രോ സാമ്പത്തിക ചലനങ്ങൾ കണക്കിലെടുത്ത് പലിശ നിരക്കിൽ മാറ്റം വരുത്തുന്നതിൽ ഫെഡറൽ റിസർവ് എടുക്കുന്ന തീരുമാനമാകും അടുത്ത ദിവസങ്ങളിൽ സ്വർണ വിപണിയിലെ ചലനങ്ങളെ സ്വാധീനിക്കുക. ആഗോള വ്യാപാര യുദ്ധം അമേരിക്കയിൽ കടുത്ത മാന്ദ്യം സൃഷ്ടിക്കാൻ കാരണമാകുമെന്നാണ് നിക്ഷേപകർ വിലയിരുത്തുന്നത്. ബാങ്ക് നിക്ഷേപങ്ങളുടെ പലിശ കുറയുന്നതിനാൽ ഏറ്റവും മികച്ച സാദ്ധ്യതയുള്ള മേഖലയായി സ്വർണത്തെ വിലയിരുത്തുന്നു.

ഭർത്താവിനെ കൊന്ന് ചാക്കിലാക്കി; കൂട്ടായി ബൈക്കിൽ കയറ്റി കൊണ്ടുപോയി ഭാര്യ

ജെയ്പൂർ: കാമുകനൊപ്പം ചേർന്ന ഭർത്താവിനെ കൊലപ്പെടുത്തി മൃതദേഹം ചാക്കിലാക്കി ബൈക്കിൽ വച്ച് സഞ്ചരിച്ച് ഭാര്യ. മൃതദേഹം കാട്ടിൽ കൊണ്ടുപോയി ഉപേക്ഷിക്കാനായി യുവതിയും യുവാവും ചേർന്ന് ബൈക്കിൽ പോകുന്നതിന്റെ സിസിടിവി ദൃശ്യങ്ങൾ പുറത്തുവന്നു.

തെളിവ് നശിപ്പിക്കാനായി മൃതദേഹം പൂർണമായും കത്തിക്കുകയായിരുന്നു പ്രതികളുടെ ലക്ഷ്യമെന്ന് പൊലീസ്. ജയ്പൂരിലാണ് സംഭവം.

ജീപ്പ് വീട്ടിലേക്ക് പാഞ്ഞു കയറി 2 പേർക്ക് പരിക്ക്

പാഞ്ഞാൾ: തോണിക്കടവിൽ നിയന്ത്രണം വിട്ട ജീപ്പ് വീട്ടിലേക്ക് പാഞ്ഞുകയറി രണ്ട് പേർക്ക് ഗുരുതര പരിക്ക്. പാലക്കാട് സ്വദേശി അലി, തൊഴുപ്പാടം സ്വദേശി മിൻഹ ഫാത്തിമ എന്നിവർക്കാണ് പരിക്കേറ്റത്.

പ്രതികൾ അറസ്റ്റിൽ

വടക്കാഞ്ചേരി തിരുത്തിപറമ്പിൽ പിതാവിനെയും മകനെയും വീട്ടിൽ കയറി വെട്ടിപ്പരിക്കേൽപ്പിച്ച കേസിൽ പ്രതികൾ അറസ്റ്റിൽ. തിരുത്തിപറമ്പ് പ്ലാപറമ്പിൽ രതീഷ് എന്ന മണികണ്ഠൻ, അരവൂർ സ്വദേശി ശ്രീജിത്ത് എന്നിവരാണ് അറസ്റ്റിലായത്.

അച്ഛനേയും മകനേയും ഗുണ്ടകൾ വെട്ടി പരിക്കേൽപ്പിച്ചു

തൃശൂൾ: തൃശൂരിൽ അച്ഛനേയും മകനേയും ഗുണ്ടകൾ വെട്ടി പരിക്കേൽപ്പിച്ചു. വടക്കാഞ്ചേരി സ്വദേശിയായ മോഹനൻ, മകൻ ശ്യാം എന്നിവർക്കാണ് വെട്ടേറ്റത്. ഇരുവരെയും മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. സ്റ്റേഷൻ റൗഡി ആയ ഗുണ്ട രതീഷും സംഘവുമാണ് അച്ഛനേയും മകനേയും ആക്രമിച്ചത്. ഇരുവരെയും വെട്ടി പരിക്കേൽപ്പിക്കുന്നതിന്റെ സിസിടിവി ദൃശ്യങ്ങളും പുറത്ത് വന്നു.

ആഗോള ആയുധ ഇറക്കുമതിയിൽ ഇന്ത്യ രണ്ടാമത്; ഒന്നാമത് യുക്രെൻ

വാഷിംഗ്ടൺ: ആയുധ ഇറക്കുമതിയിൽ ലോകത്ത് ഇന്ത്യക്ക് രണ്ടാം സ്ഥാനം. 2020 മുതൽ 2024 വരെയുള്ള കാലഘട്ടത്തിലെ കണക്കുകൾ പ്രകാരമാണ് ഇന്ത്യ രണ്ടാം സ്ഥാനത്ത് എത്തിയത്. ഇന്ത്യയുടെ ഒന്നാം സ്ഥാനം തട്ടിയെടുത്തത് യുക്രെയ്നാണ്. സ്റ്റോക്ക്ഹോം ഇന്റർനാഷണൽ പീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റേതാണ് കണക്കുകൾ.

റഷ്യ, ഫ്രാൻസ്, ഇസ്രായേൽ എന്നീ രാജ്യങ്ങളിൽ നിന്നാണ് ഇന്ത്യ ഏറ്റവും കൂടുതൽ ആയുധങ്ങൾ ഇറക്കിയത്. 8.3 ശതമാനമാണ് ആഗോള ആയുധ ഇറക്കുമതിയിൽ. ഇറക്കുമതിയിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് ഈ വർഷം കുറവുണ്ടായതായിട്ടാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. 2015 മുതൽ 2019 വരെയുള്ള കണക്കുകൾ പ്രകാരം 9.3 ശതമാനത്തിന്റെ ഇടിവാണ് ഇന്ത്യയ്ക്ക് ഉണ്ടായത്. റഷ്യയിൽ നിന്നാണ് ഇന്ത്യയുടെ ആയുധ ഇറക്കുമതി കൂടുതലായും ഉള്ളത്, 36 ശതമാനമാണിത്.

ചുരുങ്ങിയത് 35 രാജ്യങ്ങളിൽ നിന്നും യുക്രെയ്ൻ ആയുധങ്ങൾ ഇറക്കുമതി ചെയ്തെന്നാണ് റിപ്പോർട്ട്. അമേരിക്കയിൽ നിന്നാണ് യുക്രെയിന്റെ ഭൂരിഭാഗം ആയുധങ്ങളും ഇറക്കുമതി ചെയ്തിരിക്കുന്നത്. യുറോപ്യൻ രാജ്യങ്ങളിൽ ഒന്നാകെ ആയുധ ഇറക്കുമതി വർധിച്ചതായും റിപ്പോർട്ടുകൾ ഉണ്ട്. 2015 മുതൽ 2019 വരെയുള്ള കാലഘട്ടവുമായി താരതമ്യം ചെയ്യുമ്പോൾ 2020 മുതൽ 2024 വരെ 155 ശതമാനത്തിന്റെ വർധനവാണ് ആയുധ ഇറക്കുമതിയിൽ ഉണ്ടായത്.

മൂന്നാം സ്ഥാനത്ത് ഖത്തറും നാലാം സ്ഥാനത്ത് സൗദി അറേബ്യയും ഇടം പിടിച്ചു. 6.8 ശതമാനം വീതമാണ് ഇരുരാജ്യങ്ങളുടെയും പങ്ക്. പാകിസ്താനാണ് അഞ്ചാം സ്ഥാനത്ത്, ജപ്പാൻ, ഓസ്ട്രേലിയ, ഈജിപ്ത്, അമേരിക്ക, കുവൈത്ത് എന്നിങ്ങനെയാണ് ലിസ്റ്റിലുള്ള മറ്റുരാജ്യങ്ങൾ. ചൈന, നെതർലാൻഡ്സ്, തുർക്കി എന്നിവിടങ്ങളിൽ നിന്നാണ് പാകിസ്താൻ ആയുധങ്ങൾ പ്രധാനമായും ഇറക്കുമതി ചെയ്യുന്നത്.

ആൺകുഞ്ഞിനെ പ്രതീക്ഷിച്ച 81കാരന് 9 പെൺമക്കൾ

ഹുവയാൻ: മകനെ ആഗ്രഹിച്ച പിതാവിന് ഒന്നിന് പിറകെ ഒന്നായി പിറന്നത് 9 പെൺമക്കൾ. 81കാരനായ പിതാവ് മക്കൾക്ക് ഓരോരുത്തർക്കും നൽകിയത് 'ആൺകുട്ടിക്കായി ആഗ്രഹിക്കുന്നു' എന്നർത്ഥം വരുന്ന പേരുകളും. കിഴക്കൻ ചൈനയിൽ നടന്ന സംഭവമാണ് സമൂഹമാദ്ധ്യമങ്ങളിൽ പ്രചരിക്കുന്നത്. ഹുവയാൻ എന്ന ചൈനീസ് ഗ്രാമത്തിലെ ജീ എന്നയാളാണ് പെൺമക്കൾക്ക് ആരും കേൾക്കാത്ത പേരുകൾ നൽകിയത്.

81കാരനായ ജീയുടെ മൂത്ത മകളും ഇളയ മകളും തമ്മിൽ 20 വയസിന്റെ വ്യത്യാസമുണ്ട്. മൂത്ത മകളായ സാവോദീക്ക് 60വയസാണ് പ്രായം. ജീയുടെ നാലാമത്തെ മകളായ ഷിയാംഗ്ദീ സമൂഹമാദ്ധ്യമത്തിൽ തന്റെ കുടുംബത്തെക്കുറിച്ച് പങ്കുവച്ചത് വൈറലാവുകയായിരുന്നു. സാധാരണ കർഷക കുടുംബമായിട്ടും തന്റെ എല്ലാ മക്കൾക്കും ജീ നല്ല വിദ്യാഭ്യാസം നൽകിയിട്ടുണ്ട്. 'മകനെ ആഗ്രഹിച്ചെങ്കിലും മാതാപിതാക്കൾ ഒരിക്കൽ പോലും ഞങ്ങളെ വേദനിപ്പിക്കുന്ന രീതിയിൽ പെരുമാറിയിട്ടില്ല. എന്റെ സഹോദരങ്ങളാണ് എന്റെ ഏറ്റവും അടുത്ത കൂട്ടുകാർ. അവരെ ലഭിച്ചതാണ് ജീവിതത്തിലെ ഏറ്റവും വലിയ ഭാഗ്യം'– എന്നാണ് ഷിയാംഗ്ദീ തന്റെ കുടുംബത്തെക്കുറിച്ച് പറഞ്ഞത്.

ജീയുടെ മക്കളുടെ വ്യത്യസ്തമായ പേരുകളും അർത്ഥവും:

സാവോദീ – ഒരു സഹോദരനുവേണ്ടി അപേക്ഷിക്കുന്നു
പാൻദീ – ഒരു സഹോദരനെ പ്രതീക്ഷിക്കുന്നു
വാംഗ്ദീ – സഹോദരന്റെ വരവിനായി കാത്തിരിക്കുന്നു
ഷിയാംഗ്ദീ – സഹോദരനെക്കുറിച്ച് ചിന്തിക്കുന്നു
ലെയ്ദീ – ഒരു സഹോദരൻ കൂടി വരുന്നുണ്ട്
സിംഗ്ദീ – സഹോദരനെ സ്വാഗതം ചെയ്യുന്നു
നിയാൻദീ – സഹോദരനെ ആഗ്രഹിക്കുന്നു
ചൗദീ – സഹോദരനെ വെറുക്കുന്നു
മെംഗ്ദീ – ഒരു സഹോദരനെക്കൂടി സ്വപ്നം കാണുന്നു

പോക്സോ കേസ് റദ്ദാക്കണം, സുപ്രീം കോടതിയിൽ ഹർജി നൽകി സംവിധായകൻ ശാന്തിവിള ദിനേശ്

ന്യൂഡൽഹി: പോക്സോ കേസ് റദ്ദാക്കണമെന്ന ആവശ്യവുമായി നടനും സംവിധായകനുമായ ശാന്തിവിള ദിനേശ് സുപ്രീം കോടതിയിൽ. സിനിമയിലെ ബാലതാരത്തിനെതിരെ അധിക്ഷേപകരമായി സംസാരിച്ചെന്ന് കാട്ടി രജിസ്റ്റർ ചെയ്ത കേസ് റദ്ദാക്കണമെന്നാണ് ആവശ്യം.

ഒരു ഓൺലൈൻ ചാനലിന് നൽകിയ അഭിമുഖത്തിലെ പരാമർശങ്ങളുടെ അടിസ്ഥാനത്തിലായിരുന്നു ദിനേശിനെതിരെ കേസെടുത്തത്. കേസിന് പിന്നിൽ മലയാളത്തിലെ ഒരു സംവിധായകനാണ് എന്നാണ് ദിനേശിന്റെ ഹർജിയിലെ വാദം. ദിനേശും ഓൺലൈൻ ചാനൽ ഉടമ സുനിൽ മാത്യുവും ചേർന്നാണ് സുപ്രീം കോടതിയിൽ ഹർജി നൽകിയത്.

നടിയും നിർമ്മാതാവുമായ സാന്ദ്ര തോമസിന്റെ പരാതിയിൽ കഴിഞ്ഞമാസം ശാന്തിവിള ദിനേശിനെതിരെ പൊലീസ് കേസെടുത്തിരുന്നു. ഫോട്ടോ ഉപയോഗിച്ച് യൂട്യൂബിലൂടെ അപമാനിച്ചു എന്ന പരാതിയിലാണ് എറണാകുളം സെൻട്രൽ പൊലീസ് കേസെടുത്തത്. ഹേമ കമ്മിറ്റിക്ക് മുമ്പാകെ മൊഴി നൽകിയതിനെ തുടർന്ന് സംവിധായകൻ ബി ഉണ്ണിക്കൃഷ്ണൻ തന്നെ അപമാനിച്ചുവെന്ന് കാണിച്ച് നേരത്തെ സാന്ദ്ര തോമസ് നൽകിയ പരാതിയിൽ അദ്ദേഹത്തിനെതിരെ കേസെടുത്തിരുന്നു. ഇതേത്തുടർന്ന് ശാന്തിവിള ദിനേശ് യൂട്യൂബ് ചാനലിലൂടെ വീഡിയോ പ്രചരിപ്പിച്ച് അപമാനിച്ചുവെന്നാണ് സാന്ദ്ര തോമസിന്റെ പരാതിയിൽ പറയുന്നത്.

കാർ ബസ് സ്റ്റോപ്പ് ഇടിച്ചു തകർത്തു

ദേശമംഗലം: തലശ്ശേരിയിൽ നിയന്ത്രണംവിട്ട കാർ ബസ് കാത്തിരിപ്പ് കേന്ദ്രം ഇടിച്ചു തകർത്തു. ചെറുതുരുത്തി സ്വദേശിയായ യുവാവ് സഞ്ചരിച്ചിരുന്ന വാഹനമാണ് അപകടത്തിൽപ്പെട്ടത്.

ഷാബാ ഷെരീഫ് വധക്കേസ്; മൂന്നുപേർ കുറ്റക്കാർ, നിർണായകമായത് മുടിയുടെ ഡിഎൻഎ പരിശോധനാഫലം

മലപ്പുറം: മൈസൂരുവിലെ പാരമ്പര്യവൈദ്യൻ ഷാബാ ഷെരീഫിനെ തട്ടിക്കൊണ്ടുപോയി തടവിലിട്ടു കൊലപ്പെടുത്തിയ കേസിൽ മൂന്നുപേർ കുറ്റക്കാരെന്ന് കോടതി. ഒന്നാം പ്രതി ഷൈബിൻ, രണ്ടാം പ്രതി ഷിഹാബ്, ആറാം പ്രതി നിഷാദ് എന്നിവർ കുറ്റക്കാരാണെന്ന് തെളിഞ്ഞു. 9പേരെ കോടതി വെറുതെവിട്ടു. മഞ്ചേരി ഒന്നാം അഡീഷണൽ സെഷൻസ് കോടതിയാണ് കേസ് പരിഗണിച്ചത്. കേസിൽ ശനിയാഴ്ച ശിക്ഷ വിധിക്കും.

2022 ഏപ്രിൽ 23–ന് ഏതാനുംപേർ തന്റെ വീട്ടിൽ കയറി തന്നെ മർദിച്ചുവെന്ന ഷൈബിൻ അഷ്റഫിന്റെ പരാതിയാണ് ഷാബാ ഷെരീഫ് കൊലപാതകക്കേസ് പുറത്തുക്കൊണ്ടുവന്നത്. ഇയാളെ അക്രമിച്ച കേസിലെ 5പ്രതികൾ തിരുവനന്തപുരത്ത് സെക്രട്ടറിയേറ്റിനു മുൻപിൽ തീ കൊളുത്തി ആത്മഹത്യാ ഭീഷണി മുഴക്കുകയും ഷാബാ ഷെരീഫ് കൊലപാതകമടക്കമുള്ള ഷൈബിന്റെ കുറ്റകൃത്യങ്ങൾ വെളിപ്പെടുത്തുകയുമായിരുന്നു. ഇതേത്തുടർന്ന് പോലീസ് നടത്തിയ അന്വേഷണത്തിലാണ് കൊലപാതകത്തിന്റെ ചുരുളഴിഞ്ഞത്.

2019 ഓഗസ്റ്റിൽ മൈസൂരുവിൽനിന്ന് തട്ടിക്കൊണ്ടുവന്ന നാട്ടുവൈദ്യൻ ഷാബാ ഷെരീഫിനെ ഒന്നരവർഷത്തോളം ഷൈബിന്റെ മുക്കട്ടയിലെ വീട്ടിൽ തടവിലാക്കിയശേഷം കൊലപ്പെടുത്തുകയായിരുന്നുവെന്നാണ് പോലീസ് കണ്ടെത്തൽ. കൊലപാതകവുമായി ബന്ധപ്പെട്ട് ചെറിയ തെളിവുകൾ ഷൈബിന്റെ വീട്ടിൽനിന്ന് ലഭിച്ചിരുന്നു. എങ്കിലും മൃതദേഹം തള്ളിയതായി പ്രതികൾ മൊഴിനൽകിയ ചാലിയാർ പുഴയിൽ എടവണ്ണ സീതിഹാജി പാലത്തിനുസമീപം തിരച്ചിൽ നടത്തിയെങ്കിലും ഒന്നും കണ്ടെത്താൻ കഴിഞ്ഞിരുന്നില്ല. ഷൈബിൻ ഉപയോഗിച്ച കാറിൽനിന്നു ലഭിച്ച മുടി ഷാബാ ഷെരീഫിന്റേതാണെന്ന ഡി.എൻ.എ. പരിശോധനാഫലമാണ് കേസിൽ നിർണായകമായത്.

മൂലക്കുരു ചികിത്സിച്ചു ഭേദപ്പെടുത്തിയിരുന്ന ഷാബാ ഷെരീഫിൽനിന്ന് ഇതിന്റെ ഒറ്റമൂലി രഹസ്യം ചോർത്താൻ 2019 ഓഗസ്റ്റ് ഒന്നിന് നിലമ്പൂർ മുക്കട്ട സ്വദേശിയായ വ്യവസായി ഷൈബിൻ അഷ്റഫിന്റെ സംഘം അദ്ദേഹത്തെ മൈസൂരുവിൽനിന്ന് തട്ടിക്കൊണ്ടുവന്നു മുക്കട്ടയിലെ വീട്ടിൽ തടവിൽ പാർപ്പിക്കുകയും രഹസ്യം കൈമാറാതെ വന്നതോടെ 2020 ഒക്ടോബർ എട്ടിന് കൊലപ്പെടുത്തുകയുമായിരുന്നു. ഒറ്റമൂലി മരുന്നുകളുടെ രഹസ്യം ചോർത്തി മരുന്നുവ്യാപാരം നടത്തി പണമുണ്ടാക്കുകയായിരുന്നു ഷൈബിന്റെ ലക്ഷ്യം.

കോടതി പരസ്യം

ബഹു. തൃശൂർ MACT മുമ്പാകെ

OP(MV):1760/2019
IA: 5/2023

HDFC Ergo General Insurance Company Limited
–ഹരജിക്കാർ/
3–ാം എതൃകക്ഷി
Nilesh V.C.,
S/o. V.M Chandrasekharan,
Valakkadavil House,
Ettumuna, Karuvannur P.O.,
Thrissur-680711
– 1–ാം എതൃകക്ഷി

മേൽ നമ്പറിൽ ഹരജിഭാ

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

അമിതചൂട്: ജാഗ്രത പാലിക്കണമെന്ന് ഡി എം ഒ

തൃശൂർ: ജില്ലയിൽ ചൂട് കൂടി വരുന്ന സാഹചര്യത്തിൽ സൂര്യാഘാതവും, സൂര്യതാപം മൂലമുള്ള പൊള്ളലുകൾഎന്നിവ വരാനുള്ള സാദ്ധ്യതയുണ്ടെന്നും, ജനങ്ങൾ അതീവ ജാഗ്രത പാലിക്കണമെന്നും ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ശ്രീദേവി ടി.പി. അറിയിച്ചു. താപനില ഉയരുന്നത് മൂലമുള്ള ശാരീരിക ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ സ്വയം പ്രതിരോധം വളരെ പ്രധാനമാണ്.

നേരിട്ട് വെയിലേൽക്കുന്ന ജോലി ചെയ്യുന്നവർ ജോലി സമയം ക്രമീകരിക്കണം. കാലത്ത് 11 മണി മുതൽ 3 മണി വരെ നേരിട്ട് വെയിൽ കൊള്ളാതെ ശ്രദ്ധിക്കണം. വെയിലത്തു നടക്കേണ്ടി വരുമ്പോൾ കുട, തൊപ്പി, ടവ്വൽ എന്നിവ ഉപയോഗിക്കണം. പുറത്തു പോകുമ്പോൾ ഷൂസ് അല്ലെങ്കിൽ ചെരിപ്പ് നിർബന്ധമായും ധരിക്കണം. പാർക്ക് ചെയ്തിരിക്കുന്ന വാഹനങ്ങളിൽ കുട്ടികളെയും പ്രായമായവരെയും ഇരുത്തി പോകുന്നത് ഒഴിവാക്കണം. കഴിവതും ഇളം നിറമുള്ള പരുത്തി വസ്ത്രങ്ങൾ ഉപയോഗിക്കണം. ഇടക്ക് കൈ കാൽ, മുഖമെല്ലാം ശുദ്ധജലമുപയോഗിച്ച് കഴുകണം. ചെറിയ കുട്ടികൾ, പ്രായാധിക്യം മൂലമുള്ള ശാരീരിക പ്രശ്നങ്ങൾ അനുഭവിക്കുന്നവർ, ഗർഭിണികൾ, അസുഖ ബാധകാരണം ക്ഷീണമനുഭവിക്കുന്നവർ പ്രത്യേകം ശ്രദ്ധിക്കണം. കയ്യിൽ പുറത്തു പോകുമ്പോൾ എപ്പോഴും വെള്ളം കരുതണം, ശരീരത്തിലെ ജല നഷ്ടത്തിലൂടെ നിർജലീകരണം ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ ദാഹം ഇല്ലെങ്കിലും ഇടക്കിടെ ശുദ്ധജലം കുടിക്കണം, ശാരീരിക അധ്വാനമനുസരിച്ചും, വിയർപ്പനുസരിച്ചും കൂടുതൽ വെള്ളം കുടിക്കണം. സംഭാരം, ഇളനീര്, നാരങ്ങ വെള്ളം ഇവയെല്ലാം ധാരാളം കഴിക്കാവുന്നതാണ്. വൃത്തിയും ശുചിത്വവുമുള്ള സാഹചര്യങ്ങളിൽ സൂക്ഷിക്കുന്ന പാനീയങ്ങൾ മാത്രം ഉപയോഗിക്കുക.

ജ്യൂസിൽ ഉപയോഗിക്കുന്ന ഐസ് ശുദ്ധജലം കൊണ്ടുണ്ടാക്കുന്നതാവണം.മദ്യം, ചായ, കാപ്പി, കാർബണേറ്റഡ് സിന്തറ്റിക് കോളകൾ എന്നിവയുടെ ഉപയോഗം നിയന്ത്രിക്കണം. ജലാംശം കൂടുതലുള്ള പഴങ്ങളും, പച്ചക്കറികളും വൃത്തിയായി കഴുകി ഉപയോഗിക്കാവുന്നതാണ്.

വീട്ടിൽ സൂര്യപ്രകാശം നേരിട്ട് ഏൽക്കാത്ത രീതിയിൽ ജനലകളും കർട്ടനകളും തയ്യാറാക്കണം. രാത്രിയിൽ കൊതുക്, മറ്റ് ജീവികൾ എന്നിവ കയറാത്ത രീതിയിൽ ജനലും കർട്ടനും തുറന്നു തണുത്തുവായു അകത്തേക്ക് പ്രവേശിപ്പിക്കാനുള്ള സാഹചര്യം ഉണ്ടാക്കണം. പകൽസമയത്ത് കഴിവതും താഴത്തെ നിലകളിൽ സമയം ചെലവഴിക്കണം.

വളരെ ഉയർന്ന ശരീര താപം, വറ്റി വരണ്ട, ചുവന്ന, ചൂടായ ശരീരം, ശക്തമായ തലവേദന, തലകറക്കം, മന്ദഗതിയിലുള്ള നാഡീമിടിപ്പ്, മാനസികാവസ്ഥയിലെ വ്യതിയാനങ്ങൾ, അബോധാവസ്ഥ,തൊലി ചുകന്ന് തടിക്കൽ, വേദന, പൊള്ളൽ, തൊലിപ്പുറത്ത് കുരുക്കൾ ഉണ്ടാവുക, പേശീവലിവ്, ഓക്കാനം, ഛർദ്ദി, മൂത്രത്തിന്റെ അളവ് കുറഞ്ഞ് മഞ്ഞ നിറമാകുക എന്നിവയെല്ലാം സൂര്യാഘാതമോ, സൂര്യതാപമോ ഏറ്റതിന്റെ ലക്ഷണങ്ങളാകാം. ഈ ലക്ഷണങ്ങൾ ഉണ്ടായാൽ അടിയന്തിരമായി വൈദ്യസഹായം തേടണം.

മാർ ജയിംസ് പഴയറ്റിൽ മെമ്മോറിയൽ അഖില കേരള സെവൻസ് ഫുട്ബോൾ ടൂർണ്ണമെന്റ് മാർച്ച് 23 മുതൽ 30 വരെ

ഇരിങ്ങാലക്കുട : സെന്റ് തോമസ് കത്തീഡ്രൽ അഖില കേരള കത്തോലിക്ക കോൺഗ്രസ് എകെസിസിയുടെ നേതൃത്വത്തിൽ ഇരിങ്ങാലക്കുട രൂപതയുടെ പ്രഥമ ബിഷപ്പായിരുന്ന മാർ ജെയിംസ് പഴയാറ്റിൽ മെമ്മോറിയൽ രണ്ടാമത് അഖില കേരള സെവൻ ഫുട്ബോൾ ടൂർണ്ണമെന്റ് മാർച്ച് 23 മുതൽ മാർച്ച് 30 വരെ വൈകിട്ട് 7 മണിക്ക് ഇരിങ്ങാലക്കുട മുൻസിപ്പൽ മൈതാനിയിലെ ഫ്ളഡ്ലൈറ്റ് സ്റ്റേഡിയത്തിൽ വച്ച് നടക്കും കേരളത്തിലെ പ്രമുഖ ടീമുകളും വിദേശ കളിക്കാനും പങ്കെടുക്കും.

23ന് ഞായറാഴ്ച വൈകിട്ട് 7 മണിക്ക് ഇരിങ്ങാലക്കുട രൂപത മെത്രാൻ മാർ പോളി കണ്ണൂക്കാടൻ ടൂർണമെന്റ് ഉദ്ഘാടനം ചെയ്യും. സെന്റ് തോമസ് കത്തീഡ്രൽ എകെസിസി പ്രസിഡന്റ് രെഞ്ചി അക്കരക്കാരൻ അധ്യക്ഷത വഹിക്കുന്ന യോഗത്തിൽ കത്തീഡ്രൽ വികാരി റവ ഡോ ലാസർ കുറ്റിക്കാടൻ അനുഗ്രഹ പ്രഭാഷണം നടത്തും. ഇരിങ്ങാലക്കുട മുൻസിപ്പൽ ചെയർപേഴ്സൺ മേരിക്കുട്ടി ജോയ് ഇന്ത്യൻ ഫുട്ബോൾ താരം സി വി പാപ്പച്ചൻ എന്നിവർ മുഖ്യാതിഥികളായിരിക്കും. തുടർന്നു നടക്കുന്ന ആദ്യമത്സലത്തിൽ ചീനിക്കാസ് ചാലക്കുടി കാളിദാസ എഫ്സി തൃശൂരിനെ നേരിടും. മാർച്ച് 30ന് ഫൈനൽ മത്സരം നടക്കും. ഉന്നത വിദ്യാഭ്യാസ മന്ത്രി ഡോ. ആർ ബിന്ദു സമ്മാനദാനം നിർവ്വഹിക്കും.

ഇരിഞ്ഞാലക്കുട മുൻസിപ്പൽ കൗൺസിലർമാരും ഇരിങ്ങാലക്കുട വെട്രൻസ് (പഴയകാല ഫുട്ബോൾ പ്രതിഭകൾ) തമ്മിലും സി എം ഐ വൈദികരും ഇരിങ്ങാലക്കുട രൂപത ജീസസ് യൂത്തും തമ്മിലുള്ള പ്രദർശന മത്സരങ്ങളും ടൂർണമെന്റിൽ ഉണ്ടായിരിക്കും.

ഫുട്ബോൾ ടൂർണമെന്റിന്റെ പത്രസമ്മേളനത്തിൽ വികാരി റവ ഡോ. ലാസർ കുറ്റിക്കാടൻ, എ കെ സി സി പ്രസിഡന്റ് രെഞ്ചി അക്കരക്കാരൻ, ഷാജു അബ്രഹാം കണ്ടംകുളത്തി, പി ടി ജോർജ് ടെൽസൺ കോട്ടോളി, കൺവീനർമാരായ വർഗീസ് ജോൺ, ഷാജു പാറേക്കാടൻ, ജോബി അക്കരക്കാരൻ ജോസ് മാമ്പിള്ളി, സാബു കൂനൻ എന്നിവർ പങ്കെടുത്തു.

പ്രതിഷേധ പ്രകടനവും മന്ത്രിയുടെ കോലം കത്തിക്കലും

ഇരിങ്ങാലക്കുട: ഉന്നത വിദ്യാഭ്യാസ മന്ത്രിക്ക് നൽകിയ നിവേദനം ചവറു കൂനയിൽ കണ്ടെത്തിയ സംഭവത്തിൽ പ്രതിഷേധിച്ച് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് ഇരിങ്ങാലക്കുട മണ്ഡലത്തിന്റേയും പൊറത്തുശ്ശേരി മണ്ഡലത്തിന്റേയും നേതൃത്വത്തിൽ ഇരിങ്ങാലക്കുട രാജീവ് ഗാന്ധി മന്ദിരത്തിൽ നിന്നും ഠാണാവിലേക്ക് പ്രതിഷേധ പ്രകടനം നടത്തുകയും മന്ത്രിയുടെ കോലം കത്തിക്കുകയും ചെയ്തു കോൺഗ്രസ് ബ്ലോക്ക് പ്രസിഡണ്ട് സോമൻ ചിറ്റത്ത് ഉദ്ഘാടനം ചെയ്ത യോഗത്തിൽ ഇരിഞ്ഞാലക്കുട മണ്ഡലം പ്രസിഡന്റ് അബ്ദുൽ ഹഖ് മാസ്റ്റർ അധ്യക്ഷത വഹിക്കുകയും ചെയ്തു പൊറത്തിശ്ശേരി മണ്ഡലം പ്രസിഡന്റ് ഭാസി പി കെ, ഇരിഞ്ഞാലക്കുട മുൻസിപ്പൽ ചെയർപേഴ്സൺ മേരിക്കുട്ടി ജോയ് മുൻ ബ്ലോക്ക് പ്രസിഡണ്ട് ടി വി ചാർലി മണ്ഡലം ഭാരവാഹികളായ സിജു യോഹന്നാൻ എ സി സുരേഷ്, ബ്ലോക്ക് ഭാരവാഹികളായ എം ആർ ഷാജു,സുജ സഞ്ജീവ് കുമാർ, അഡ്വക്കേറ്റ് സിജു പാറേക്കാടൻ, കൗൺസിലർമാരായ ജയ്സൺ പാറക്കാടൻ, അവിനാശ്, ബിജു പോൾ അക്കരക്കാരൻ, ജസ്റ്റിൻ ജോൺ, അജിത് കുമാർ, സനൽ കല്ലൂക്കാരൻ, ജോമോൻ മണാത്, ബാബു എന്നിവർ നേതൃത്വം നൽകി

ഭാഗ്യനിധി നിക്ഷേപം, വാഗ്ദാനം ലംഘിച്ചു

സ്കീം പ്രകാരം 12,8000/ രൂപയും നഷ്ടം 10,000/ രൂപയും നൽകുവാൻ വിധി

തൃശൂർ: ഭാഗ്യനിധി സ്കീം പ്രകാരം വാഗ്ദാനം ചെയ്ത സംഖ്യ നൽകാതിരുന്നതിനെതിരെ ഫയൽ ചെയ്ത ഹർജിയിൽ പരാതിക്കാർക്ക് അനുകൂലവിധി. നടത്തറ സ്വദേശിനിയായ ചീരക്കുഴി വീട്ടിലെ മീനു സേവ്യർ, അമ്മ ബീന എം.ഡി.എന്നിവർ ചേർന്ന് ഫയൽ ചെയ്ത ഹർജിയിലാണ് തൃശൂർ നടത്തറ ഫാർമേർസ് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് സെക്രട്ടറിക്കെതിരെ ഇപ്രകാരം വിധിയായത്.

ഭാഗ്യനിധി ഡെപ്പോസിറ്റ് സ്കീമിലാണ് 8,000/രൂപ കൈപ്പറ്റി, എതിർകക്ഷി സ്ഥാപനം ഹർജിക്കാരെ ചേർത്തുകയുണ്ടായത്. ബീന.എം.ഡി., മീനു സേവ്യറിന്റെ നോമിനിയാകുന്നു.കാലാവധി കഴിയുമ്പോൾ 1,28,000/ രൂപ നൽകുമെന്നായിരുന്നു വാഗ്ദാനം.എന്നാൽ അപ്രകാരം സംഖ്യ നൽകുകയുണ്ടായില്ല. തുടർന്ന് ഹർജി ഫയൽ ചെയ്യുകയായിരുന്നു.

സർക്കാരിൽ നിന്ന് അനുമതി ലഭിക്കാതെ സ്കീം തുടങ്ങിയ നടപടിയും വാഗ്ദാനം ചെയ്ത സംഖ്യ നൽകാതിരുന്ന നടപടിയും അനുചിത ഇടപാടും സേവനത്തിലെ വീഴ്ചയും ആണെന്ന് കോടതി വിലയിരുത്തി.

തെളിവുകൾ പരിഗണിച്ച പ്രസിഡണ്ട് സി.ടി.സാബു, മെമ്പർമാരായ ശ്രീജ.എസ്, ആർ.റാം മോഹൻ എന്നിവരടങ്ങിയ തൃശൂർ ഉപഭോക്തൃ കോടതി സ്കീം പ്രകാരം 1,28,000/രൂപയും നഷ്ടവും ചിലവുമായി 10,000/രൂപയും നൽകുവാൻ കല്പിച്ച് വിധി പുറപ്പെടുവിക്കുകയായിരുന്നു. ഹർജിക്കാർക്ക് വേണ്ടി അഡ്വ.ഏ.ഡി.ബെന്നി ഹാജരായി വാദം നടത്തി.

സമരാഗ്നി ജ്വലനവും റാലിയും

ഇരിങ്ങാലക്കുട: റെയിൽവേ സ്റ്റേഷനോടുള്ള അവഗണനയ്ക്കെതിരെ 2025 മാർച്ച്15 ന് വിളംബരം ചെയ്ത കല്ലേറ്റുംകര വികസന സമരം 5-ാം നാൾ സമരാഗ്നി ജ്വലനവും റാലിയും നടന്നു.

കല്ലേറ്റുംകര പള്ളിനടയിൽ സമര പരിപാടികൾ സോമൻ ചിറ്റേത്ത് ഉത്ഘാടനം ചെയ്തു. വർഗ്ഗീസ് പന്തലൂക്കാരൻ അദ്ധ്യക്ഷത വഹിച്ചു. മാർട്ടിൻ പി പോൾ, കെ പി കുരിയൻ, സോമൻ ശാരദാലയം, ഉണ്ണികൃഷ്ണൻ പുതുവീട്ടിൽ, ആന്റോ പുന്നേലിപറമ്പിൽ, കെ കെ റോബി, ജോസ് പി എൽ, ബിജു കൊടിയൻ, കെ വി സുരേഷ്, ഡേവിസ് ഇടപ്പിള്ളി, ശശി ശാരദാലയം, ബിജു നേരെപറമ്പിൽ, ജിജോ പി ഡി തുടങ്ങിയവർ പങ്കെടുത്തു.

കുഴഞ്ഞുവീണു മരിച്ചു

പുതുക്കാട്: വരന്തരപ്പിള്ളി സ്വദേശി കുഴഞ്ഞുവീണ് മരിച്ചു. തടത്തി കൃഷ്ണൻ മകൻ ശിവശങ്കരൻ (59) കുഴഞ്ഞുവീണുമരിച്ചു. വരന്തരപ്പിള്ളി പോലീസ് അന്വേഷണം ആരംഭിച്ചു.

തൃശ്ശൂർ പൂരം പ്രദർശനത്തിന് മാർച്ച് 22നു തുടക്കമാകും

തൃശൂർ: തൃശൂർ പൂരം പ്രദർശനത്തിന് മാർച്ച് 22ന് തുടക്കമാകും. വൈകീട്ട് 5.30 ന് കേന്ദ്രമന്ത്രി സുരേഷ്ഗോപി, മന്ത്രി കെ. രാജൻ എന്നിവർ ചേർന്ന് ഉദ്ഘാടനം നിർവഹിക്കും. മേയർ എം.കെ. വർഗീസ് അധ്യക്ഷനാകും.

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിവിധ വകുപ്പുകളുടെയും സ്വകാര്യസ്ഥാപനങ്ങളുടെയും എഴുപതോളം പവിലിയനുകളാണ് ഒരുങ്ങുന്നത്. കൂടാതെ 180 വാണിജ്യ പവിലിയനുകളുമുണ്ടാകും. മേയ് അവസാനംവരെ പ്രദർശനം തുടരും. മേയ് 6നാണ് തൃശ്ശൂർ പൂരം.

പി കെ കുഞ്ഞുമുഹമ്മദ് ന്യൂസ് ഫോട്ടോഗ്രാഫി പുരസ്കാരം

തൃശ്ശൂർ : തൃശൂർ പ്രസ് ക്ലബ് പി കെ കുഞ്ഞുമുഹമ്മദ് ഫൗണ്ടേഷനുമായി സഹകരിച്ച് സംസ്ഥാന ന്യൂസ് ഫോട്ടോഗ്രാഫി പുരസ്കാരം ഏർപ്പെടുത്തുന്നു. തൃശൂർ പ്രസ് ക്ലബ്ബിന്റെ സ്ഥാപകരിൽ ഒരാളും മുൻ പ്രസിഡണ്ടും പത്രപ്രവർത്തകനും ആയിരുന്ന പി കെ കുഞ്ഞുമുഹമ്മദ് (ചന്ദ്രിക കുഞ്ഞുമുഹമ്മദ്) സ്മരണക്കായുള്ള തൃശൂർ പ്ലസ്ക്ലബ് പി കെ കുഞ്ഞുമുഹമ്മദ് സ്മാരക ന്യൂസ് ഫോട്ടോഗ്രാഫി എൻട്രികൾ ക്ഷണിക്കുന്നു.

2024 ജനുവരി 1 മുതൽ ഡിസംബർ 31 വരെ പത്ര മാധ്യമങ്ങളിൽ (ഇംഗ്ലീഷ് കേരളത്തിൽ ജോലി ചെയ്യുന്ന ഏജൻസി ഫ്രീ ലാൻസെർസ്) പ്രസിദ്ധപ്പെടുത്തിയ വാർത്താച്ചിത്രങ്ങളാണ് പരിഗണിക്കുക. 15000 രൂപയും പ്രശസ്തി പത്രവും അടങ്ങുന്നതാണ് പുരസ്കാരം. എൻട്രികൾ ജെപിജി ഫോർമാറ്റിൽ 5 എം ബി യിൽ കുറയാത്ത ഫയൽ അയയ്ക്കണം. അച്ചടിച്ച പത്രത്തിന്റെ സ്കാൻ ചെയ്ത കോപ്പി ഈ പേപ്പർ കൂടി അയയ്ക്കണം. ബൈലൈൻ ഇല്ലാത്ത ചിത്രങ്ങൾ ന്യൂസ് എഡിറ്റർ/ബ്യൂറോ ചീഫ് സാക്ഷ്യപ്പെടുത്തണം. ചിത്രങ്ങൾ അയക്കുമ്പോൾ അടിക്കുറിപ്പും ബൈലൈനും ബയോഡാറ്റയും ഇതോടൊപ്പം വേറെ അയക്കണം. സാങ്കേതിക സൗകര്യങ്ങൾ ഉപയോഗിച്ച് മാറ്റങ്ങൾ വരുത്തുന്ന ചിത്രങ്ങൾ പരിഗണിക്കുന്നതല്ല. ചിത്രീകരിച്ച ഒറിജിനൽ ക്യാമറ ഫയൽ ആവശ്യപ്പെടുന്ന മുറയ്ക്ക് അയച്ചു തരേണ്ടതാണ്. എൻട്രികൾ 2025 ഏപ്രിൽ 20നകം tcrpressclub@gmail.com മെയിൽ ഐഡിയിലേക്ക് അയയ്ക്കണം. കോൺടാക്ട് നമ്പർ 8921218674. പ്രസ് ക്ലബ് തൃശ്ശൂർ: 0487 2335576.

തിരുവുത്സവം ഇന്ന്

ഇരിങ്ങാലക്കുട: കാരുകുളങ്ങര നരസിംഹസ്വാമി ക്ഷേത്രത്തിലെ തിരുവുത്സവം ഇന്ന് രാത്രി 8.15 ന് കൊടികയറി ഈ മാസം 25 ന് രാവിലെ 7.30 ന് കാരുകുളങ്ങര ആറാട്ട് കടവിൽ നടക്കുന്ന ആറാട്ടോടുകൂടി സമാപിക്കും.

കേച്ചേരി അൽ അമീൻ ഹയർ സെക്കൻഡറി സ്കൂളിലെ വിദ്യാർത്ഥികൾ ഇൻഡ്യൻ വംശജ സുനിത വില്യംസ് ഭൂമിയിൽ തിരിച്ചെത്തിയതിൽ മംഗളയാൻ പുസ്തക കങ്ങൾ ഉയർത്തി പിടിച്ച് ആഹ്ലാദം പങ്കിടുന്നു. പ്രിൻസിപ്പാൾ സുജപ്രാൻസിസ്, മേജർ പി.ജെ. സ്റ്റൈജു എന്നിവർ സമീപം.

സുനിത വില്യംസ് ഭൂമിയിൽ എത്തിച്ചേർന്നതിന്റെ സന്തോഷത്തിൽ പുസ്തകങ്ങൾ വിതരണം ചെയ്ത് അധ്യാപകൻ

കേച്ചേരി :286 ദിവസം അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ താമസിച്ച് ദൂമിയിൽ തിരിച്ചെത്തിയ ഇൻഡ്യൻവംശജ സുനിത വില്യംസിനും ബുച്ച് വിൽമോറിനും അഭിവാദ്യം അർപ്പിച്ച് വിദ്യാർത്ഥികൾ . കേച്ചേരി അൽ അമീൻ ഹയർ സെക്കൻഡറി സ്കൂളിലാണ് വേറിട്ട ആഹ്ലാദ പ്രകടനം നടന്നത്.

മറ്റം സെന്റ് ഫ്രാൻസിസ് ഹയർ സെക്കൻഡറി സ്കൂളിലെ സംസ്കൃത അധ്യാപകനും 24 കേരള ബറ്റാലിയൻ അസോസിയേറ്റഡ് എൻ.സി.സി ഓഫിസറുമായ മേജർ പി.ജെ. സ്റ്റൈജുവാണ് ശാസ്ത്രലോക വിജയ നിമിഷത്തിൽ വിദ്യാർത്ഥികൾക്ക് സൗജന്യമായി പുസ്തകം വിതരണം ചെയ്തത്. ഭാരതം ശാസ്ത്രലോകത്തിനെ സംഭാവന ചെയ്ത ചന്ദ്രയാൻ, മംഗളയാൻ പദ്ധതികളെ പറ്റിയുള്ള ശാസ്ത്രീയ പുസ്തകങ്ങളാണ് സൗജന്യമായി കുട്ടികൾക്ക് വിതരണം ചെയ്തത്. പുസ്തക വിതരണോത്ഘാടനം സ്കൂൾ പ്രിൻസിപ്പാൾ സുജ ഫ്രാൻസിസ് നിർവ്വഹിച്ചു. സ്കൂൾ ലീഡർ ആൻ ജോൺസ് ഇൻഡ്യൻ വിജയഗാഥയായ മംഗളയാൻ വിക്ഷേപണത്തെ കുറിച്ച് സംസാരിച്ചു. വിദ്യാർത്ഥികളായ അക്ഷയ് രാജ്, ആമീൻ, ആദിത്യൻ, അസ്ലം, ആദിത്ത് എന്നിവർ പരിപാടികൾക്ക് നേതൃത്വം നല്കി.

പരീക്ഷകൾ അവസാനിക്കുന്നു; ആഘോഷിക്കാമെന്ന് കരുതേണ്ട, സ്കൂളുകൾക്ക് മുന്നിൽ പരിശോധനയുമായി പൊലീസ്

തൃശൂർ : എസ്എസ്എൽസി, പ്ലസ് ടു പരീക്ഷകൾ അവസാനിക്കുന്ന ദിനങ്ങളിൽ സ്കൂളുകൾക്ക് മുന്നിൽ സുരക്ഷാ പരിശോധയുമായി പൊലീസ്.ഈയിടെ സംഘർഷത്തിൽ കോഴിക്കോട് വിദ്യാർത്ഥി മരണപ്പെട്ട സംഭവവും കഴിഞ്ഞ തവണ പരീക്ഷ അവസാനിക്കുന്ന ദിവസം സ്കൂളുകളുടെ മുന്നിൽ വിദ്യാർഥികൾ തമ്മിൽ സംഘർഷമുണ്ടായ സാഹചര്യത്തിലുമാണ് സുരക്ഷാ നടപടികൾ സ്വീകരിക്കുന്നത്. പരീക്ഷ അവസാനിക്കുമ്പോൾ സിറ്റിയിലെ സ്കൂളുകൾക്ക് മുന്നിൽ പ്രത്യേക പട്രോളിങ്, സേനയുടെ നിരീക്ഷണം എന്നിവയുണ്ടാകും.

സ്കൂളുകളിൽ പരീക്ഷകൾ തീരുന്നതോടനുബന്ധിച്ച്വിവിധ ആഘോഷ പരിപാടികൾ സംഘടിപ്പിക്കാറുണ്ട്. പലതും സംഘർഷത്തിൽ കലാശിക്കുകയും ചെയ്തിരുന്നു. വിദ്യാർഥികൾ മുൻവൈരാഗ്യം തീർക്കുന്നതിനായി വാക്കുതർക്കങ്ങളിലും ചേരിതിരിഞ്ഞ് സംഘർഷങ്ങളിലും ഏർപ്പെടാനും സാധ്യതയുണ്ടെന്നാണ് പൊലീസ് വിലയിരുത്തൽ.

ആഘോഷ പരിപാടികൾക്കിടെ ബൈക്ക് റെയ്സിംഗ് പോലുള്ള പരിപാടികൾ സംഘടിപ്പിക്കുന്നത് ഒഴിവാക്കാനും നിർദ്ദേശമുണ്ട്. സംഘർഷങ്ങൾ ഒഴിവാക്കാൻ മറ്റ് പരീക്ഷകൾ അവസാനിക്കുന്ന 26, 29 തീയതികളിലും സ്കൂളുകളുടെ മുന്നിലും പരിസര പ്രദേശങ്ങളിലും വനിതാ പൊലീസ് ഉൾപ്പടെയുള്ളവരുടെ സുരക്ഷ ഉറപ്പാക്കുമെന്ന് സിറ്റി പൊലീസ് കമ്മീഷണർ അറിയിച്ചു.

വാഹനാപകടം: 4 പേർക്ക് പരിക്ക്

ഗുരുവായൂർ: ഗുരുവായൂർ മമ്മിയൂരിൽ ടോറസ് ലോറിയും കാറും കൂട്ടിയിടിച്ച് കാർ യാത്രക്കാരായ 4 പേർക്ക് പരിക്ക്. വിജയ് കൃഷ്ണൻ, അജയ് കൃഷ്ണൻ, അഭിഷാന്ത്, അജ്മൽ എന്നിവർക്കാണ് പരിക്കേറ്റത്.

മാർഗദീപം സ്കോളർഷിപ്പ് തീയതി പുന പരിശോധിക്കണം കത്തോലിക്കാ കോൺഗ്രസ് ഒല്ലൂർ ഫൊറോനാ സമിതി

തൃശൂർ: കേന്ദ്രസർക്കാർ ന്യൂനപക്ഷ വിദ്യാർത്ഥികൾക്കായി നടപ്പാക്കിയ പ്രീമെട്രിക് സ്കോളർഷിപ്പ് നിർത്തിയ സാഹചര്യത്തിൽ കേരള സർക്കാർ പ്രഖ്യാപിച്ച ബദൽ സ്കോളർഷിപ്പ് സംബന്ധിച്ച് ഇറക്കിയ ആദ്യ ഉത്തരവിൽ ഒരു ലക്ഷം ആയിരുന്നു വരുമാന പരിധി, ഇത് 2.5 ലക്ഷമായി ഉയർത്തിക്കൊണ്ട് ഈ മാസം 12നാണ് ന്യൂനപക്ഷ ഡയറക്ടറേറ്റ് ഉത്തരവിറക്കിയത്, 13ന് മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുകയും 15ന് അവസാന തീയതിയും ആയിരുന്നു.

കേവലം രണ്ടു ദിവസം മാത്രമാണ് പതിനായിരക്കണക്കിന് വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാൻ ആയി ലഭിച്ചത്, ഇതുമൂലം അനേകം വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാൻ സാധിച്ചിട്ടില്ല. ന്യൂനപക്ഷ വകുപ്പ് ഈ വിഷയത്തിൽ ഇടപെട്ട് എത്രയും പെട്ടെന്ന് തീയതി പുനർ നിശ്ചയിക്കണമെന്ന് കത്തോലിക്കാ കോൺഗ്രസ് ഒല്ലൂർ ഫൊറോന സമിതി ആവശ്യപ്പെട്ടു. ഫൊറോന പ്രസിഡണ്ട് അലോഷ്യസ് കുറ്റിക്കാട്ട്, ഫൊറോന ഡയറക്ടർ ഫാദർ വർഗീസ് കൂത്തൂർ, ഫൊറോന പ്രമോട്ടർ ഫാദർ ജോയ് ചിറ്റിലപ്പിള്ളി, ഫ്രാൻസിസ് തറയിൽ, ടോണി എടത്തിരുത്തിക്കാരൻ, ഔസേഫ് മാസ്റ്റർ കോടന്നൂർ, വി. പി സേവ്യർ, കരോളി ജോഷാ, മേഴ്സി ആൻറണി എന്നിവർ സംസാരിച്ചു.

കലശമലയിലെ ആര്യലോക് ആശ്രമത്തിൽ പ്രകൃതിദത്ത ഇഫ്താർ നടത്തി

അകതിയൂർ : ഉപവാസം വിശ്വാസികളുടെ ക്ഷമയുടെയും, ത്യാഗത്തിന്റെയും, കരുണയുടെയും ഉദാത്ത വഴിയാണെന്നും,പരസ്പര സഹകരണമാണ് മനസ്സിനെ ശുദ്ധീകരിക്കുന്നതെന്നും സാമൂഹിക പ്രവർത്തകൻ കരീം പന്നിത്തടം അഭിപ്രായപ്പെട്ടു.

കലശമല ആര്യലോക് ആശ്രമത്തിൽ സംഘടിപ്പിച്ച പ്രകൃതിദത്ത ഇഫ്താർ സംഗമം ഉൽഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു.

എല്ലാവർഷവും നോമ്പെടുക്കുന്ന ശ്രീ ശ്രീ ആര്യമഹർഷി അനുഗ്രഹ പ്രഭാഷണം നടത്തി.പ്രകൃതി സംരക്ഷണ സംഘം സംസ്ഥാന സെക്രട്ടറി ഷാജി തോമാസ് എൻ ക്ലാസ്സെടുത്തു.സാജൻ കുന്നംകുളം, ആര്യനാമിക, സിമി, ശ്രീലോക എന്നിവർ നേതൃത്വം നൽകി.

വനിതാ ഫിറ്റ്നസ് സെന്റർ നവീകരിച്ചു

തൃശൂർ: പറപ്പൂക്കര ഗ്രാമപഞ്ചായത്തിലെ വനിതാ ഫിറ്റ്നസ് സെൻററിൻറെ ഒന്നാം വാർഷിക ആഘോഷവും നവീകരണോദ്ഘാടനവും പഞ്ചായത്ത് പ്രസിഡൻറ് ഇ കെ അനൂപ് നിർവഹിച്ചു.

സ്ത്രീകളുടെ മാനസികവും ശാരീരികവുമായ ആരോഗ്യ സംരക്ഷണത്തിന് പറപ്പൂക്കര ഗ്രാമപഞ്ചായത്ത് ഒരുക്കിയ വനിതാ ഫിറ്റ്നസ് സെന്റർ ഇന്ന് എഴുപതോളം വനിതകളുടെ ആശ്രയമാണ്. കഴിഞ്ഞ വർഷം ജില്ലാ-ബ്ലോക്ക് പഞ്ചായത്തുകളുടെയും ഗ്രാമപഞ്ചായത്തിൻറെയും ഫണ്ടുകൾ ഉൾപ്പെടെ 26 ലക്ഷം രൂപ വിനിയോഗിച്ച് ഗ്രാമപഞ്ചായത്തിൻറെ ഇ.കെ. നായനാർ സ്മാരക മന്ദിരത്തിലാണ് വനിതാ ഫിറ്റ്നസ് സെൻറർ ഒരുക്കിയത്.

പ്രമേഹം, ഉയർന്ന രക്തസമ്മർദ്ദം, മാനസിക സമ്മർദ്ദം, തുടങ്ങി ജീവിതശൈലീ രോഗങ്ങൾ സ്ത്രീകളിൽ വർധിച്ച് വരുന്ന സാഹചര്യത്തിലാണ് ഫിറ്റ്നസ് സെന്റർ ആരംഭിച്ചത്. രാവിലെ 5 മുതൽ 11 വരെയും വൈകിട്ട് 4 മുതൽ 7 വരെയുമാണ് ഫിറ്റ്നസ് സെൻററിൻറെ പ്രവർത്തന സമയം. ആധുനിക സൗകര്യങ്ങളോടുകൂടിയ ഫിറ്റ്നസ് സെന്ററിൽ ട്രെയിനർ രാജി സുരേഷിന്റെ നേതൃത്വത്തിൽ സ്ത്രീകളുടെ ആരോഗ്യ സംരക്ഷണത്തിനായി എല്ലാ സഹായവും നൽകി വരുന്നുണ്ട്. സേവനം ഉപയോഗിക്കുന്നതിന് ഏറ്റവും കുറഞ്ഞ നിരക്കിൽ നിശ്ചിത ഫീസ് ഈടാക്കും.

2024-25 പഞ്ചായത്ത് വികസന ഫണ്ട് ഒരു ലക്ഷം രൂപ ഉപയോഗിച്ചാണ് വനിതാ ഫിറ്റ്നസ് സെന്റർ നവീകരിച്ചത്. വാർഡ് മെമ്പർ രാധ വിശ്വഭരൻ അധ്യക്ഷത വഹിച്ചു. പഞ്ചായത്ത് അംഗം എ. രാജീവ് കുടുംബശ്രീ സി ഡി എസ് ചെയർപേഴ്സൺ സരിത തിലകൻ, വൈസ് ചെയർപേഴ്സൺ അമ്പിളി വേണു, പഞ്ചായത്ത് സെക്രട്ടറി ജി. സബിത, പ്രീത സജീവൻ എന്നിവർ സംസാരിച്ചു.

വർണ്ണാഭമായി അങ്കണവാടി കുട്ടികളുടെ കലാമേള

അവണൂർ: ഗ്രാമ പഞ്ചായത്ത് അങ്കണവാടി കുട